# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **6301**

08.11.2016 ൽ
മറുപടി നൽകേണ്ടത്

## പി.എസ്.സി. ജീവനക്കാരുടെ ജോലിഭാരം

| ചോദ്യം<br>ശ്രീ.ഹൈബി ഈഡൻ | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) പി.എസ്.സി.യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ജോലിഭാരത്തിനനുസരിച്ച് കൂടുതൽ ജീവനക്കാരെ അനുവദി ക്കുകയും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുമോ; | എ) പരിശോധിക്കുന്നതാണ്. |
| ബി) സർവ്വകലാശാല, ദേവസ്വം ബോർഡ്, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങി നിരവധി സ്ഥാപനങ്ങളുടെ നിയമന ചുമതല പുതുതായി പി.എസ്.സി.ക്ക് നൽകിയതിനു ശേഷം കൂടുതലായി എത്ര ജീവനക്കാരെ പി.എസ്.സി.ക്ക് അനുവദിച്ചിരുന്നെന്ന് വ്യക്തമാക്കുമോ; | ബി) കൂടുതലായി ജീവനക്കാരെ അനുവദിച്ചിട്ടില്ല. |
| സി) യൂണിഫോംഡ് ഫോഴ്സിന്റെ വാർഷിക പരീക്ഷ, പുതുതായി നിയമനം ലഭിയ്ക്കുന്നവരുടെ സർവ്വീസ് വെരിഫിക്കേഷൻ, പരീക്ഷ നടത്തിപ്പിനുള്ള പ്രത്യേക ഡ്യൂട്ടി തുടങ്ങി പുതുതായി നിരവധി ഉത്തരവാദിത്തങ്ങൾ പി.എസ്. സി.ക്കു നൽകുമ്പോഴും മതിയായ ജീവനക്കാരെക്കൂടി അനുവദി ക്കാത്തത് പി.എസ്.സി. യുടെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;<br><br>ഡി) കൂടുതൽ തസ്തികകൾ സൃഷ്ടിക്കണ മെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള നിർദ്ദേശം പി.എസ്.സി.യിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ തീയതി സഹിതം നൽകാമോ? | സി & ഡി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ 307 അധിക തസ്തികകൾ കൂടി അനുവദിക്കുന്നത് സംബന്ധിച്ച് Estt.II(3)32735/ 09/GW നമ്പർ കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയതിൻ മേൽ അധിക ബാധ്യത കണക്കാക്കി അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 21.11.2015 ലെ 38551/സ്പെഷ്യൽ ഇ 1/15/പൊ.ഭ.വ നമ്പർ കത്ത് പ്രകാരം സർക്കാർ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പട്ടുകയും ചെയ്തു. 16.12.2015 |

തീയതിയിലെ Estt. II(3)32735/09/GW നമ്പർ കത്ത് പ്രകാരം പി.എസ്.സിയിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഫയൽ പരിശോധിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ